നിജം, നിരുപമം

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

ദൈവത്തിന് നിങ്ങളെക്കുറിച്ച്
ഒരു പദ്ധതിയുണ്ട്.
ഓരോ ആൾദൈവത്തിനും നിങ്ങളെക്കുറിച്ച്
ഒരു പദ്ധതിയുണ്ട്.
ഓരോ ആൾക്കും നിങ്ങളെക്കുറിച്ച്
ഒരു പദ്ധതിയുണ്ട്.

നിങ്ങളുടെ സ്വന്തം അളവിൽ
വസ്ത്രം തുന്നിച്ച്
തിരക്കഥയിൽ
വിട്ടുപോയ ഭാഗം പൂരിപ്പിക്കാൻ
ക്ലേപ്പുബോയ് അച്ചാരംവാങ്ങി വിളമ്പിയ
കഥയിലത്തുമ്പ് ഇടന്തലത്തിൽ മടക്കിയിരിക്കുന്നു.

നിങ്ങൾക്ക് കാഴ്ച്ച ദാനം കിട്ടുന്നു
ഉച്ചഭാഷിണി കടം നീട്ടുന്നു
ചെവിക്കുറ്റിയിലെ മൂളൽ തിരുത്തുന്നു
കൊഴിമ്പല്ല് മുളപ്പിച്ചു വളർത്തുന്നു
ഓടിച്ചൊടിച്ച നട്ടെല്ല് സംയോജന മന്ത്രത്തിൽ
തിരിച്ചൊട്ടിച്ചു കോർക്കുന്നു
ദിനരാത്രങ്ങളുടെ മൂളിപ്പാട്ടിന്റെ
ശബ്ദനിയന്ത്രണം പിൻവലിക്കുന്നു.

എല്ലാം നിങ്ങൾക്കുവേണ്ടി മാത്രം!

എല്ലായ്പ്പോഴും
സംശയനിഴൽ അകറ്റി
ഓർമ്മിപ്പിക്കും:
“എന്റെ വഴിയല്ലെങ്കിൽ പെരുവഴി

വേണമെങ്കിൽ എടുക്കൂ
വേണ്ടെങ്കിൽ മറക്കൂ."

ദൈവത്തിന് നിങ്ങളെക്കുറിച്ച്
ഒരു പദ്ധതിയുണ്ട്.
ഓരോ ആൾദൈവത്തിനും നിങ്ങളെക്കുറിച്ച്
ഒരു പദ്ധതിയുണ്ട്.
ഓരോ ആൾക്കും നിങ്ങളെക്കുറിച്ച്
ഒരു പദ്ധതിയുണ്ട്.
****